"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനകൾ സ്വയം ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1801/2025/LSGD തീയതി,തിരുവനന്തപുരം, 21-07-2025

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും എടവണ്ണ കാർഷിക കർമ്മസേന സെക്രട്ടറിയുടെ 30.01.2025ലെ കത്തും

**<u>ഉത്തരവ്</u>**

പച്ചക്കറി തൈകൾ, വാഴ ഉടങ്ങിയ ഭക്ഷ്യവിളകളുടെ നടീൽ വസ്തുക്കൾ കൃഷിഭവനുകൾ വഴി വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK (Vegetable and Fruits Promotion Council Keralam), വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ, കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികൾ എന്നിവയിൽ നിന്നും ആയത് വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

2. നടീൽ വസ്തുക്കൾ വാങ്ങാൻ അനുമതിയുള്ള മാർഗ്ഗരേഖയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന കാർഷിക കർമ്മ സേനയെ ഉൾപ്പെടുത്തിയിട്ടില്ല എന്നും, തൈകൾ വാങ്ങുന്നതിനു ഈ സ്ഥാപനത്തിന് ഓർഡറുകൾ നൽകാൻ പ്രാപ്തമാക്കുന്നതിന് കാർഷിക കർമ്മസേനയെ കൂടി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള എടവണ്ണ കാർഷിക കർമ്മസേനയുടെ അപേക്ഷ എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം കൈമാറിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനകളിൽ നിന്നും, അവർ സ്വയം ഉല്പാദിപ്പിക്കുന്നവയാണെന്നും ഗുണനിലവാരമുണ്ടെന്നും ഉറപ്പുവരുത്തി, നെല്ല്, കുരുമുളക്, പച്ചക്കറി വിത്തുകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യുകൾച്ചർ വാഴ, പച്ചക്കറി തൈകൾ എന്നീ നടീൽ വസ്തുക്കൾ വാങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു. മേൽ പ്രകാരം പരാമർശിത സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.1.4 ൽ ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. കൃഷി വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 25-07-2025 10:27:16
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്